(ഡി) ഇതു നടപ്പാക്കാത്ത സ്ഥാപനങ്ങൾ ഏവ; അവിടെയും ഇതു നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) പെയ്ഡ് അപ്രൻറീസുകളുടെ സ്റ്റൈപ്പൻറ് വർദ്ധിപ്പിക്കുമോ?

ഉത്തരം

(എ, ബി, സി, ഡി) ട്രെയ്ഡ് അപ്രൻറീസ് പൂർത്തിയാക്കുന്നവർക്ക് അതാത് യൂണിറ്റുകളിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന നടത്തുന്ന നിയമനങ്ങളിൽ മുൻഗണന നൽകാവുന്നതാണെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ 50 ശതമാനം റിസർവേഷൻ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ (ബി), (സി), (ഡി) വിഭാഗത്തിലെ ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഇക്കാര്യം കേന്ദ്ര സർക്കാരിൻെറ പരിഗണനയിലാണ്. ഉത്തരവ് ലഭിച്ചാലുടൻ സ്റ്റൈപ്പൻറ് വർദ്ധിപ്പിച്ചു നൽകും.

കെ. ജി. ഐ. ഇ. പാസ്സാകുന്നവർക്ക് അപ്രൻറീസ്ഷിപ്പ് നൽകുന്നതിനുള്ള നടപടി

40 [2232] ശ്രീ. കെ. എ. ചന്ദ്രൻ:
,, പി. പി. തങ്കച്ചൻ:
ശ്രീമതി ലീലാ ദാമോദരമേനോൻ:
,, റോസമ്മ ചാക്കോ:
ശ്രീ. കെ. പി. കുഞ്ഞിക്കണ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. ടി. ഐ., പോളിടെക്നിക്കുകൾ, ഗവൺമെൻറ് കമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവിടങ്ങളിൽ നിന്നും ടൈപ്പ് റൈറ്റിംഗ്, ഷോർട്ട് ഹാൻറ് എന്നീ വിഷയങ്ങൾ പഠിച്ച് പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് നാഷണൽ അപ്രൻറീസ് ആക്ട് അനുസരിച്ച് അപ്രൻറീസ്ഷിപ്പ് നൽകുന്നതിനോടൊപ്പം സ്റ്റൈപ്പൻറും നൽകുന്നതു പോലെ കെ. ജി. ഐ. ഇ. പാസ്സാകുന്നവർക്കും അപ്രൻറീസ്ഷിപ്പ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) കെ. ജി. ഐ. ഇ. ഹയറും, ഐ. ഐ. ടി., പോളിടെക്നിക്, ഗവൺമെൻറ് കമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട്സ്, എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റും തുല്യമാണെന്ന് സർക്കാർ തിട്ടപ്പെടുത്തിയിരിക്കെ ഒരു വിഭാഗം ആൾക്കാരെ മാത്രം മാറ്റി നിർത്തുന്ന നടപടി ശരിയാണെന്ന് ഗവൺമെൻറ് കരുതുന്നുണ്ടോ;

(സി) കെ. ജി. ഐ. ഇ. പഠിച്ചു പാസ്സാകുന്നവർക്കും നിയമനങ്ങൾക്ക് മുൻഗണന നൽകുമോ?

ഉത്തരം

(എ) കെ.ജി.ഐ.ഇ. ഉൾപ്പെടെയുള്ള സർട്ടിഫിക്കറ്റുകാരെ നാഷണൽ അപ്രൻറീസ് സ്കീമിൽ ഉൾപ്പെടുത്തുന്നതിന് ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ മദ്രാസിലെ അപ്രൻറീസ് ട്രെയിനിംഗ് ബോർഡ് ഈ സ്കീം അംഗീകരിക്കാത്തതിനാൽ നടപ്പിലാക്കാൻ സാധിച്ചില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരത്തിലുള്ള തുല്യത മദ്രാസിലെ അപ്രൻറീസ് ട്രെയിനിംഗ് ബോർഡ് അംഗീകരിച്ചിട്ടില്ലാത്തതിനാൽ അപ്രൻറീസ് ട്രെയിനിംഗ് നൽകാൻ സാദ്ധ്യമല്ല.

(സി) കെ. ജി. ററി. ഇ. സർട്ടിഫിക്കറ് സർക്കാർ വകുപ്പുകളിലെ പല തസ്തികകൾക്കും യോഗ്യതയായി അംഗീകരിച്ചിട്ടുണ്ട്.

കായംകുളത്ത് ഇ. എസ്. ഐ. ഡിസ്പെൻസറി സ്ഥാപിക്കാൻ നടപടി

41 [2233] ശ്രീ. എം. ആർ. ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളത്ത് ഇ. എസ്. ഐ. ഡിസ്പെൻസറി സ്ഥാപിക്കുന്നതിന് സ്ഥലം പൊന്നും വിലയ്ക്കെടുക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയാണ് സ്ഥലം എടുക്കുന്നത്;

(സി) പൊന്നും വില നടപടികൾ എവിടം വരെയായി;

(ഡി) വസ്തു എടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കായംകുളം വില്ലേജിൽ.

(സി) സ്ഥലം പരിശോധന കഴിഞ്ഞു.

(ഡി) അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

സ്വകാര്യ ടൈപ്പ്റൈറ്റിംഗ് ഇൻസ്ററിറ്റ്യൂട്ടുകൾ രജിസ്ററർ ചെയ്യുന്ന നടപടി

42 [2234] ശ്രീ. കെ. എ. ചന്ദൻ:
,, എൻ. മനോഹരൻ മാസ്ററർ:
ശ്രീമതി എം. ടി. പത്മ:
ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി:
ശ്രീമതി ലീലാ ദാമോദരമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്വകാര്യ ടൈപ്പ്റൈറ്റിംഗ് ഇൻസ്ററിറ്റ്യൂട്ടുകൾ തൊഴിൽ വകുപ്പിൻെറ കീഴിൽ രജിസ്ററർ ചെയ്യണമെന്ന് പറഞ്ഞ് ചില സ്ഥലങ്ങളിൽ തൊഴിൽ വകുപ്പുദ്യോഗസ്ഥൻമാർ നിരന്തരമായി ഇൻസ്ററിറ്റ്യൂട്ടുകാരെ ശല്യപ്പെടുത്തി വരുന്നതായി സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തുനടപടി സ്വീകരിച്ചു;

(സി) സ്വയം തൊഴിൽ ചെയ്തു ജീവിക്കുന്നതിൻെറ ഭാഗമായി സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തി വരുന്നവരെ ലേബർ വകുപ്പിൻെറ 1960-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്ററാബ്ലിഷ്മെൻറ് ആക്ടിൽ നിന്ന് ഒഴിച്ച് നിർത്തുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly